പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T5776 29.07.2015-ൽ മറുപടിയ്ക്ക്

## സ്പോർട്സ് കിറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.റ്റി.ബൽറാം | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | കായികരംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജനക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, ആരോഗ്യമുള്ള ഒരു യുവജനതയെ വാർത്തെടുക്കുകയും യുവാക്കളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുതപദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | 2013-14 സാമ്പത്തിക വർഷം 12,12,752/- രൂപയുടെ സ്പോർട്സ് കിറ്റ് തിരുവനന്തപുരം ജില്ലയിലെ ജി.വി.രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ്വിതരണ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽ നിന്നും സ്കൂളുകളിൽ നിന്നും ദൃശ്യപത്രമാദ്ധ്യമങ്ങൾ വഴിയും എഫ്.എം.റേഡിയോ മുഖേനയും പരസ്യം ചെയ്ത് അപേക്ഷ ക്ഷണിക്കുകയുണ്ടായി. ലഭിച്ച അപേക്ഷകൾ അതത് ജില്ലാ ഓഫീസർമാർ പരിശോധിച്ച് യോഗ്യമായവ തെരഞ്ഞെടുത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സംസ്ഥാന ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. |

കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെണ്ടർ മുഖേന മത്സര അടിസ്ഥാനത്തിൽ കമ്പനികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുകയുണ്ടായി. ക്വട്ടേഷനുകളിൽ തുടർന്നുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്കൂൾ/ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതാണ്.

Maj M
**സെക്ഷൻ ഓഫീസർ**